(ബി) ഉണ്ടെങ്കിൽ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ശുപാർശകൾ ഏതെല്ലാമാണ്;

(സി) ഏതെല്ലാം സമുദായങ്ങൾക്കാണ് അർഹമായ പരിഗണന ലഭിക്കുന്നില്ലെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുള്ളത്;

(ഡി) ഈ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഇ) സംവരണാനുകൂല്യം അർഹമായി ലഭിക്കുന്നില്ലാ എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ സംവരണ ശതമാനം പുനർനിർണ്ണയം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) സർക്കാർ സർവ്വീസിലും നിയമനങ്ങൾ പി. എസ്. സി.ക്ക് വിട്ടുകൊടുത്തിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റു പിന്നോക്ക സമുദായങ്ങൾക്ക് അനുവദിച്ചിട്ടുള്ള സംവരണം ഏതു പരിധിവരെ ലഭിച്ചിട്ടുണ്ട് എന്ന് പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ചിരുന്ന സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്.

(ബി, സി, ഡി, ഇ) സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് ഗവൺമെൻറ് പഠിച്ചുവരികയാണ്.

സ്പിൽ ഓവർ പദ്ധതികൾ

* 209 [241] ശ്രീ. ഒ. ഭരതൻ:
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, ടി. കെ. ഹംസ:
,, സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാംപദ്ധതിയുടെ പൂർത്തീകരിക്കപ്പെടാത്ത പദ്ധതികൾക്ക് എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത്;

(ബി) ഏഴാം പദ്ധതിക്കാലത്തെ സ്പിൽ ഓവർ പദ്ധതികൾ എന്ന ലക്ഷ്യം കൈവരിക്കും;

(സി) എത്ര തുക ഇതിനു വേണ്ടിവരും?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 717 കോടി രൂപ.

(ബി) വൻകിട ജലസേചനപദ്ധതികളായ ഇടമലയാർ, കാക്കടവ്, ബേപ്പൂർപുഴ, കുരിയാർകുറ്റി–കാരപ്പാറ, വാമനപുരം, മീനച്ചിൽ എന്നീ പദ്ധതികൾ ഒഴികെയുള്ള മിക്കവാറും എല്ലാ സ്പിൽ ഓവർ പദ്ധതികളും ഏഴാം പദ്ധതിക്കാലത്തു തന്നെ ലക്ഷ്യം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏഴാം പദ്ധതിയുടെ കരടുരേഖ തയ്യാറാക്കുമ്പോൾ ഇതിന് 932 കോടിരൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ട്

* 210 [242] ശ്രീ. സി. ടി. അഹമ്മദ് അലി:
,, കെ. പി. എ. മജീദ്:
,, പി. കെ. കെ. ബാവ:
,, നാലകത്ത് സൂപ്പി:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ട് ഏതൊക്കെ ജില്ലയിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) ഈ പ്രോജക്ടിന്റെ കീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിവരുന്നത്;

(സി) ഈ സ്കീമിൽ ലോകബാങ്ക് സഹായമായി എത്രതുകയാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഈ സ്കീംപ്രകാരം എത്ര സബ്സെന്ററുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നു; അവയിൽ എത്ര എണ്ണത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്;

(ഇ) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) വയനാട്, മലപ്പുറം, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്.

(ബി) ആരോഗ്യ സേവന സൗകര്യങ്ങളുടെ രംഗത്ത് പിന്നോക്ക നിലയിലുള്ള ഈ നാല് ജില്ലകളിൽ പ്രസ്തുത സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്ത് ജനന നിരക്ക്, മരണ നിരക്ക്, ശിശുമരണ നിരക്ക് എന്നിവ കുറയ്ക്കുകയാണ്, ഈ പദ്ധതിയുടെ ഉദ്ദേശം. സബ്സെന്ററുകൾ, സബ്സിഡിയറി ഹെൽത്ത് സെന്ററുകൾ മുതലായവ നിർമ്മിച്ച് സേവനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ജനങ്ങളെ കുടുംബാസൂത്രണ പരിപാടികളുടെ ആവശ്യത്തെയും ലക്ഷ്യത്തെയും പറ്റി കൂടുതൽ ബോധവാൻമാരാക്കുകയും പരിപാടികളിലൂടെ ലഭ്യമാകുന്ന സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ പ്രചോദനം നൽകുകയും ചെയ്യുക, കൂടുതൽ ഗവേഷണങ്ങൾ വഴി പദ്ധതി പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ മുഖ്യ പരിപാടികൾ.

(സി) ഉദ്ദേശം 27 കോടി രൂപ.

(ഡി) 568 സബ്സെന്ററുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നു. അവയിൽ 231 എണ്ണത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) ചുവടെ കൊടുത്തിരിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly